**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1068** **24-02-2022 - ൽ മറുപടിയ്ക്ക്**

**കടലിലെ രക്ഷാപ്രവർത്തന സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം.കെ . മുനീർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കടലിൽ മത്സ്യബന്ധനത്തിനിടയിൽ അപകടം ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിനായി ഏർപ്പെട്ടുത്തിയിരിക്കുന്ന സംവിധാനങ്ങൾ വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾ കടലിൽ മത്സ്യ ബന്ധനത്തിനിടയിൽ അപകട ത്തിൽപ്പെടുന്ന സാഹചര്യത്തിൽ അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും സാധ്യമാക്കു ന്നതിനായി തിരുവനന്തപുരം – വിഴിഞ്ഞം, എറണാകുളം - വൈപ്പിൻ, കോഴിക്കോട്- ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് അത്യാധുനിക സംവിധാന ങ്ങളോട്കൂടി മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നു. മറൈൻ ആംബുലൻസുകൾക്കു പുറമെ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാ ബോട്ടുകളും കടൽ സുരക്ഷാ സ്ക്വാഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും തെരഞ്ഞെടുത്ത 900 യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | അപകടസമയത്ത് 108 മാതൃകയിൽ കടലിലും കരയിലും ആംബുലൻസ് ശൃംഖല നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (ബി) | 108 മാതൃകയിൽ കരയിലും കടലിലും ആംബുലൻസ് ശൃംഖല നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ